**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3119** **25-06-2024 - ൽ മറുപടിയ്ക്ക്**

**ലെനിൻ രാജേന്ദ്രൻ സ്മാരക കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ കോംപ്ലക്സും, സാംസ്കാരിക കേന്ദ്രവും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | അന്തരിച്ച വിഖ്യാത ചലച്ചിത്രകാരൻ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ തിയേറ്ററും സാംസ്കാരിക കേന്ദ്രവും നിർമ്മിക്കുന്ന പദ്ധതിക്കായി ആദ്യം കണ്ടെത്തിയ സ്വകാര്യ ഭൂമി, വിട്ടുകിട്ടാത്തതിനെത്തുടർന്ന് മാറനല്ലൂർ വില്ലേജിൽ മറ്റ് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തിയിരുന്നു. സാംസ്കാരിക വകുപ്പിന് ഭൂമി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി ലഭ്യമാക്കിയ സ്കെച്ച് ഉൾപ്പെടെയുള്ള പ്രീ ഡി.പി.ആർ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ